**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 302** **17-03-2025 - ൽ മറുപടിയ്ക്ക്**

**പാതിവില തട്ടിപ്പിലെ ക്രൈംബ്രാഞ്ച് അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീമതി ദെലീമ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പാതിവില തട്ടിപ്പിലെ മുഖ്യപ്രതി അനന്തകൃഷ്ണനുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് നടത്തിവരുന്ന അന്വേഷണത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നിരവധിപേരെ വാഗ്ദാനം നൽകി കബളിപ്പിച്ച 'പാതിവില' തട്ടിപ്പുമായി ബന്ധപ്പെട്ട് 12.03.2025 വരെ 1,343 കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>ഇതിൽ 665 കേസുകൾ ക്രൈം ബ്രാഞ്ചിന് കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>എറണാകുളം ക്രൈം ബ്രാഞ്ച് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘമാണ് കേസുകൾ അന്വേഷിക്കുന്നത്.<br><br>ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി ക്കാണ് അന്വേഷണത്തിന്റെ മേൽനോട്ട ചുമതല.<br><br>മുഖ്യപ്രതിയുടെ ബാങ്ക് അക്കൗണ്ടുകൾ കണ്ടെത്തി മരവിപ്പിച്ചും വിവിധ കേസുകളിൽ ഉൾപ്പെട്ട രേഖകൾ പിടിച്ചെടുത്തും ക്രൈംബ്രാഞ്ച് അന്വേഷണം നല്ല രീതിയിൽ പുരോഗമിച്ചുവരുന്നുണ്ട്.<br><br>തട്ടിപ്പിന്റെ പ്രധാന സൂത്രധാരനായ അനന്തുകൃഷ്ണൻ, രവി പന്നക്കൽ, ബഷീർ പി.പി, റിയാസ്, മുഹമ്മദ് ഷാഫി, ആനന്ദകുമാർ എന്നിവരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) | ക്രൈംബ്രാഞ്ച് കണ്ടെത്തിയ പ്രാഥമിക വിവരങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | അന്വേഷണം ആരംഭിച്ച 386 കേസുകളിലെ കണ്ടെത്തലുകൾ പ്രകാരം :-<br><br>(1) പകുതി വിലയ്ക്ക് സ്കൂട്ടർ നല്കാമെന്ന് വാഗ്ദാനം നൽകി 49,386 പേരിൽ നിന്നും 281,43,34,000/- (ഇരുന്നൂറ്റി എൺപത്തി ഒന്നു കോടി നാല്പത്തി മൂന്നു ലക്ഷത്തി മുപ്പത്തി നാലായിരം) രൂപ വാങ്ങിയതിൽ 16,438 പേർക്ക് മാത്രമാണ് സ്കൂട്ടർ നൽകിയത്. |

| | | | |
|---|---|---|---|
| | | | (2) ഇപ്രകാരം ലാപ്.ടോപ്പ് വാഗ്ദാനം ചെയ്ത് 36,891 പേരിൽ നിന്ന് 9,22,27,500/- (ഒൻപത് കോടി ഇരുപത്തിരണ്ട് ലക്ഷത്തി ഇരുപത്തിയേഴായിരത്തി അഞ്ഞൂറ്) രൂപ വാങ്ങിയതിൽ 29,897 പേർക്ക് മാത്രമാണ് ലാപ്.ടോപ്പ് നൽകിയത്.<br><br>(3) സമാനമായി തയ്യൽ മെഷീൻ വാഗ്ദാനം നൽകി 56,082 പേരിൽ നിന്ന് 23,24,27,200/- (ഇരുപത്തിമൂന്ന് കോടി ഇരുപത്തിനാല് ലക്ഷത്തി ഇരുപത്തിയേഴായിരത്തി ഇരുന്നൂറ്) രൂപ വാങ്ങിയതിൽ 53,478 പേർക്കാണ് മെഷീൻ ലഭിച്ചത്.<br><br>(4) 279 കേസുകളുടെ ക്രൈം ബ്രാഞ്ച് അന്വേഷണം ആരംഭ ഘട്ടത്തിലാണ്. |
| (സി) | അനന്തകൃഷ്ണൻ നേരിട്ട് നടത്തിയ ഇടപെടലുകളിലൂടെ എത്രപേർക്കാണ് ഇരുചക്ര വാഹനങ്ങൾ ഓഫർ ചെയ്തിരുന്നതെന്നും അതിലൂടെ എത്ര തുക കൈപ്പറ്റിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | ഇരുചക്ര വാഹനങ്ങൾ നല്കാമെന്ന് വാഗ്ദാനം നൽകി 49,386 പേരിൽ നിന്നും 281,43,34,000/- (ഇരുന്നൂറ്റി എൺപത്തി ഒന്നു കോടി നാല്പത്തി മൂന്നു ലക്ഷത്തി മുപ്പത്തിനാലായിരം) രൂപ കൈപ്പറ്റിയതായാണ് ഇതുവരെ കണ്ടെത്തിയത്. |
| (ഡി) | തട്ടിപ്പുമായി ബന്ധപ്പെട്ട് രണ്ടു വർഷത്തിനിടയിൽ പ്രതി നടത്തിയിട്ടുള്ള ബാങ്കിടപാടുകൾ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (ഡി) | പ്രതിയുടെയും, പ്രതിയുടെ സ്ഥാപനങ്ങളുടേതുമായി 23 ബാങ്ക് അക്കൗണ്ടുകൾ കണ്ടെത്തിയിട്ടുണ്ട്. |
| (ഇ) | പ്രതിയുടെ സ്വത്തുക്കൾ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) | ഉണ്ട്. മൂന്ന് ഭൂസ്വത്തുക്കൾ അറ്റാച്ച് ചെയ്യുന്നതിനുള്ള കോടതി നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ